KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956ലെ കമ്പനീസ് ആക്ട് അനുസരിച്ച് രൂപീകൃതം)
രജി: ഓഫീസ്: വൈദ്യുതി ഭവനം പട്ടം, തിരുവനന്തപുരം - 695 004, കേരളം

CIN: U40100KL2011SGC027424, വെബ്സൈറ്റ്: www.kseb.in

ഓഫീസ് ഓഫ് ദി ഡയറക്ടർ
(എച്ച്.ആർ.എം., സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)
ഫോൺ: +0471 251 4327, 4227 ഇമെയിൽ-: dhkseb@kseb.in

നം. ഡയറക്ടർ(എച്ച്.ആർ.എം. സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)66 തീയതി: 15.07.2026.

## പരിപത്രം.

വിഷയം:-വർദ്ധിച്ചു വരുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

വ്യക്തവും ശക്തവുമായ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ നിരന്തരമായി നല്കിയിട്ടും വ്യത്യസ്ഥ രീതിയിലുള്ള അവബോധന പരിപാടികൾ സംഘടിപ്പിച്ചിട്ടും വിതരണ മേഖലയിലെ പ്രവൃത്തികൾക്കിടെ ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ നിന്നുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ബോർഡ് തികഞ്ഞ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഈ വർഷം ഇതുവരെ 4 ബോർഡ് ജീവനക്കാർക്കും 10 കരാർ ജീവനക്കാർക്കും അപകടത്തിലൂടെ ജീവൻ നഷ്ടപ്പെട്ടു കഴിഞ്ഞു. 81 അപകടങ്ങളിൽ ജീവനക്കാർക്ക് മാരകമല്ലാത്ത പരിക്ക്പറ്റി. പല സന്ദർഭങ്ങളിലും തലനാരിഴക്ക് അപകടങ്ങളിൽ നിന്നും രക്ഷപ്പെട്ട കേസുകളും ഉണ്ടായിട്ടുണ്ട്. 33 അപകടങ്ങളിൽ വൈദ്യുതാഘാതമാണ് അപകടകാരണമായിട്ടുള്ളത്. പോസ്റ്റിൽ നിന്നും വീണ് 24 അപകടങ്ങളും പോസ്റ്റ് പൊട്ടുകയോ ചരിയുകയോ ചെയ്ത് 17 അപകടങ്ങളും ഉണ്ടായിട്ടുണ്ട്. പലപ്പോഴും ഓഫീസിൽ അറിയിക്കാതെയും അനുമതിയില്ലാതെയും അനധികൃതമായി പ്രവർത്തികൾ ചെയ്യുന്നത് അപകടങ്ങൾക്ക് ഇടയാക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

**പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളാണ് ഇത്തരം അപകടങ്ങൾക്ക് കാരണമായത്.**

- Non-compliance with safety rules (സുരക്ഷാ നിയമങ്ങളും ചട്ടങ്ങളും പാലിക്കാത്തത്).
- Carelessness (അശ്രദ്ധ).
- ജോലി അവസാനിപ്പിക്കുന്നതിനുള്ള അനാവശ്യ തിരക്ക്.
- Over confidence (അമിത ആത്മവിശ്വാസം).
- Field Supervisors-ന്റെ നിർദേശങ്ങൾ അവഗണിക്കുകയും സൂപ്പർവൈസറുടെ അസാന്നിധ്യത്തിൽ ജോലി ചെയ്യുകയും ചെയ്യുക.
- സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാണെങ്കിലും ഉപയോഗിക്കാതെ ജോലി ചെയ്യുക.
- HT& LT നെറ്റ് വർക്കിനെ പറ്റിയും ഇന്റെർലിങ്ക് പോയിന്റുകളെ പറ്റിയും അറിവില്ലായ്മ.
- പ്രതിഷ്ഠാപനങ്ങളിലെ പോരായ്മകൾ.

ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിൽ വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുവാനുള്ള എല്ലാവിധ പരിശ്രമങ്ങളും അടിയന്തിരമായും നടത്തേണ്ടതായിട്ടുണ്ട്.

- വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും അവരവരുടെ അധികാര പരിധിയിൽ സുരക്ഷ ഉറപ്പാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണം.
- ബോർഡ് നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡപ്രകാരം മാത്രമെ ജോലി ചെയ്യുകയുള്ളൂ എന്ന് ഉറപ്പുവരുത്തണം.
- സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന്, സേഫ്റ്റി ഓഫിസർമാർ, ചീഫ് സേഫ്റ്റി ഓഫീസർമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ എന്നിവർ ഉറപ്പ് വരുത്തുകയും വീഴ്ചകൾ കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യണം.
- സൺറൈസ് മീറ്റിംഗുകളിൽ ട്രാൻസ്ഫോർമറുകൾ അവയുടെ ഇന്റർ ലിങ്ക് പോയിന്റുകൾ AB സ്വിച്ച് ലൊക്കേഷൻ എന്നിവയെപറ്റി ഫീൽഡ് സ്റ്റാഫിന് സുരക്ഷാ അവബോധം ഉണ്ടാക്കണം.
- വൈദ്യുത ലൈൻ ഓഫ് ചെയ്തു മാത്രമേ പോസ്റ്റിൽ കയറൂ എന്നുള്ള ഒരു സേഫ്റ്റി കൾച്ചർ എല്ലാ സെക്ഷൻ ഓഫീസുകളിലും വളർത്തി എടുക്കേണ്ടത് അത്യാവശ്യമാണ്.
- സേഫ്റ്റി ഇൻസ്പെക്ഷനുകൾ സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ, സേഫ്റ്റി ഓഫീസർമാർ എന്നിവർ ഊർജ്ജിതമായി നടത്തേണ്ടതും സുരക്ഷാ വീഴ്ച കണ്ടാൽ ഉടനടി നടപടികൾ സ്വീകരിക്കുകയും ചെയ്താൽ മാത്രമേ എല്ലാ സെക്ഷൻ ഓഫീസുകളിലും ഒരു സേഫ്റ്റി കൾച്ചർ സംജാതമാക്കുവാൻ സാധിക്കുകയുള്ളൂ. ചീഫ് സേഫ്റ്റി ഓഫീസർമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ എന്നിവർ അവരവരുടെ പരിധിയിലുള്ള എല്ലാ സെക്ഷൻ ഓഫീസുകളിലും സേഫ്റ്റി കൾച്ചർ ഉണ്ടാകുന്നതിനുവേണ്ടിയുള്ള ഇൻസ്പെക്ഷനുകളും മറ്റു പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.
- 2009-ലെ മോഡൽ സെക്ഷൻ ഓർഡർ പ്രകാരം സൺറൈസ് മീറ്റിംഗ് നടത്തേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറാണ്. എല്ലാ സെക്ഷൻ ഓഫീസുകളിലും സൺറൈസ് മീറ്റിംഗുകൾ പരമാവധി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ തന്നെ നടക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

സുരക്ഷയോടെയും സൂക്ഷ്മതയോടെയും പ്രതിബദ്ധതയോടെയുമായ സമീപനത്തോടുകൂടി മാത്രമേ അപടങ്ങൾ ഒഴിവാക്കുവാനും ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുവാനും സാധിക്കുകയുള്ളൂ. ഓരോ ദിവസവും ആരംഭിക്കുന്ന സൺറൈസ് മീറ്റിംഗുകൾ ജീവനക്കാരെ അപകടരഹിതമായി ജോലി ചെയ്യുന്നതിന് പ്രാപ്തരാക്കത്തക്ക രീതിയിലുള്ളതാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Director (HRM, Sports, Welfare, Safety & Quality Assurance)

**പകർപ്പ്:**

ചീഫ് സേഫ്റ്റി കമ്മീഷണർ

വിതരണവിഭാഗം - എല്ലാ ചീഫ് എഞ്ചിനിയർമാർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർമാർ / ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ / ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനിയർമാർ / ചീഫ് സേഫ്റ്റി ഓഫീസർമാർ / സേഫ്റ്റി ഓഫീസർമാർ / അസിസ്റ്റന്റ് എഞ്ചിനീയർമാർ.

ടി.എ.ടു. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം.)